# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 282 — 21-08-2017 ൽ മറുപടിയ്ക്ക്

## അതിവേഗ യാത്രാ കപ്പൽ സർവ്വീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.ടി.തോമസ് :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. വി.എസ്.ശിവകുമാർ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരള തീരത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പലുകൾ സർവ്വീസ് ആരംഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (എ) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം) - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) സംസ്ഥാനത്ത് ഏതൊക്കെ തുറമുഖങ്ങളെയാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | കോഴിക്കോട്(ബേപ്പൂർ), വിഴിഞ്ഞം(കോവളം), കൊല്ലം, കൊച്ചി തുറമുഖങ്ങളെയാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) യാത്രാ കപ്പൽ സർവ്വീസ് നടത്തുന്ന പ്രസ്തുത തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വിശദീകരിക്കാമോ ;<br><br>(ഡി) അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ? | (സി) യും (ഡി) യും | നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ അതിവേഗ യാത്രാ കപ്പലുകളുടെ സർവ്വീസുകൾ നടത്താവുന്നതാണ്. യാത്രക്കാർക്ക് വന്നിറങ്ങുന്നതിനും കയറുന്നതിനുമുള്ള വാർഫും പാസഞ്ചർ ടെർമിനലും ആണ് യാത്രാ കപ്പൽ ആരംഭിക്കുന്നതിനായി തുറമുഖങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യം. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ ഈ പദ്ധതികൾക്കായി കോഴിക്കോട് (വെള്ളയിൽ), കൊച്ചി, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിൽ ഫ്ളോട്ടിംഗ് ജട്ടികൾ നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്. വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി - കോഴിക്കോട് എന്നീ സർവ്വീസുകൾ വിനോദ സഞ്ചാരികളെ ലക്ഷ്യം വച്ചുള്ളതാണ് . |

സെക്ഷൻ ഓഫീസർ